# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പാമൊലിന്‍ കേസില്‍ തുടരന്വേഷണം</u>

983 ശ്രീ. ഇ. പി. ജയരാജന്‍
'' ജി. സുധാകരന്‍
'' എ. കെ. ബാലന്‍
'' പി.ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പ് മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാമൊലിന്‍ കേസില്‍ തുടരന്വേഷണം സംബന്ധിച്ച് സ്പെഷ്യല്‍ പ്രോസിക്യൂട്ടര്‍ നല്‍കിയ നിയമോപദേശം എന്തായിരുന്നു; വ്യക്തമാക്കാമോ;

(ബി) വിജിലന്‍സ് ഡയറക്ടര്‍ക്ക് ഇത് ലഭിച്ചത് എന്നായിരുന്നു എന്നും ഇത് ആദ്യമായി കേസ് ഡയറിയുടെ ഭാഗമായത് എന്നാണെന്നും വ്യക്തമാക്കുമോ;

(സി) വിജിലന്‍സ് ഡയറക്ടര്‍ പിന്നീട് ഇതിന്മേല്‍ വിയോജിപ്പ് എഴുതി ചേര്‍ത്തുകൊണ്ട് രേഖ ഉണ്ടാക്കുകയുണ്ടായോ; എങ്കില്‍ അതെന്തായിരുന്നു; ആദ്യഘട്ടത്തിലെഴുതാതെയിരുന്ന അഭിപ്രായം പിന്നീട് എഴുതി ഉണ്ടാക്കാനിടയായ സാഹചര്യം എന്തായിരുന്നു;

(ഡി) വിജിലന്‍സ് ഡയറക്ടര്‍ വ്യാജമായി രേഖകള്‍ ചമച്ചതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ എന്തു നടപടി സ്വീകരിക്കുകയുണ്ടായി;

(ഇ) ഇത് ആരെയെങ്കിലും കേസില്‍ നിന്ന് രക്ഷിക്കുവാന്‍ വേണ്ടിയായിരുന്നുവെന്ന് സര്‍ക്കാരിന് അറിയാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>റവന്യൂ അദാലത്ത്</u>

984 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ 15.09.11 ൽ നടന്ന അദാലത്തിൽ എത്ര പരാതികളാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതികളിൽ എത്രയെണ്ണം തീർപ്പ് കൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ; ശേഷിക്കുന്ന ഫയലുകൾ എന്ന് തീർപ്പാകുമെന്ന വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര താലൂക്ക് ഓഫീസിന്റെ ശോചനീയ അവസ്ഥ</u>

985 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്ക് ഓഫീസിന്റെ ശോചനീയ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വലിയ പറമ്പ് ദ്വീപ് പഞ്ചായത്ത് പരിധിൽ വില്ലേജ് ഓഫീസ്</u>

986 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വില്ലേജ് ഓഫീസ് ഇല്ലാത്ത അപൂർവ്വം പഞ്ചായത്തുകളിൽ ഒന്നായ വലിയപറമ്പ് ദ്വീപ് പഞ്ചായത്ത് പരിധിയിൽ വില്ലേജ് ഓഫീസ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

വില്ലേജാഫീസ് വിഭജിക്കണമെന്ന ആവശ്യം

987 ശ്രീ.എ.കെ.ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി വില്ലേജാഫീസിലെ തിരക്ക് കണക്കിലെടുത്ത് വില്ലേജാഫീസ് വിഭജിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമൊന്നവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>വെള്ളായിയുടെ വീട് പുന:നിർമ്മിയ്ക്കുന്നതിന് സഹായം</u>

988 ശ്രീ.എ.കെ.ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കാക്കൂർ വില്ലേജിലെ പുന്നശ്ശേരി അംശംദേശത്ത് രാമല്ലൂർ പുറായിൽ വെള്ളായിയുടെ വീട് കനത്തമഴയിൽ തകർന്നതിനെ തുടർന്ന് വീട് പുന:നിർമ്മിയ്ക്കുന്നതിനായി സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അപേക്ഷയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമി പതിച്ചുനൽകുന്നതിനുവേണ്ട ഉത്തരവ്</u>

989 ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പതിച്ചുനല്കുന്നത് സംബന്ധിച്ച് പുതുതായി ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇതിലെ വ്യവസ്ഥകൾ എന്താണ് ;

(സി) ഇതനുസരിച്ച് ഭൂമിയ്ക്ക് അർഹരായിട്ടുള്ളവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഇതിന് വിരുദ്ധമായി ഭൂമി കൈവശം വച്ചിട്ടുള്ളവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പട്ടയവും കൈവശ രേഖയും നൽകൽ</u>

990 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് ഏതെല്ലാം ജില്ലകളിൽ പട്ടയവും കൈവശ രേഖയും നൽകി ;

(ബി) എത്ര ഏക്കർ അന്യാധീനപ്പെട്ട ഭൂമി സർക്കാർ ഏറ്റെടുത്തുവെന്നും എവിടെയെല്ലാം ആണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ജില്ലാ താലൂക്ക് പുന:സംഘടന</u>

991 ശ്രീ. സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജില്ലകളും താലൂക്കുകളും പുന:സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവോ;

(ബി) പട്ടാമ്പി ആസ്ഥാനമായി ഒരു താലൂക്ക് രൂപവത്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

## ഭൂമി സംബന്ധിച്ച കേസ്

992 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വയനാട് ജില്ലയിലെ കൃഷ്ണഗിരി എസ്റ്റേറ്റിലെ 14 ഏക്കര്‍ സര്‍ക്കാര്‍ ഭൂമിയുമായി ബന്ധപ്പെട്ട് നിയമസഭാംഗം ബഹു: ഹൈക്കോടതിയില്‍ ഫയല്‍ ചെയ്ത കേസ് സംബന്ധിച്ചുള്ള കോടതി വിധിയുടെ പകര്‍പ്പ് റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കില്‍ എന്നാണ് ലഭിച്ചത്; വിധിയുടെ പകര്‍പ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ബി) സുല്‍ത്താന്‍ ബത്തേരി സബ്കോടതിയില്‍ നിലനില്ക്കുന്ന ഒ.എസ്.142/07 നമ്പര്‍ കേസിലെ ഇടക്കാല ഉത്തരവ് മേല്പറഞ്ഞ കേരള ഹൈക്കോടതി വിധി പ്രകാരമുള്ള മേല്‍ നടപടിയ്ക്ക് തടസ്സമാകുന്നുണ്ടോ; എങ്കില്‍ അത് എപ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) ഹൈക്കോടതി വിധിപ്രകാരം സ്വീകരിക്കേണ്ട തുടര്‍നടപടികള്‍ എന്തെല്ലാമാണ്; അത് സ്വീകരിക്കാതിരിക്കുന്നത് എന്ത് കൊണ്ട്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പട്ടയ വിതരണത്തിൽ നേരിടുന്ന തടസ്സങ്ങൾ</u>

993 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കുടംബങ്ങൾക്ക് പുതുതായി പട്ടയം, കൈവശരേഖ എന്നിവ നൽകി എന്ന് വ്യക്തമാക്കാമോ; ദീർഘകാലമായി തോട് പുറമ്പോക്കുകളിലും റോഡ് പുറമ്പോക്കുകളിലും താമസിച്ചു വരുന്നവർക്ക് പട്ടയം നൽകിയിട്ടുണ്ടോ;

(ബി) കായൽ - തോട് പുറമ്പോക്കുകളിൽ ദീർഘകാലമായി താമസിച്ചു വരുന്ന പാവപ്പെട്ടവരും മറ്റ് ഭൂമിയില്ലാത്തവരുമായ ആളുകൾക്ക് പട്ടയം നൽകുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് പറയാമോ; ഈ തടസ്സങ്ങൾ മാറ്റുന്നതിനും ഇവർക്ക് പട്ടയം നൽകുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) മുൻ ഗവൺമെന്റുകളുടെ കാലത്ത് കൈവശരേഖകൾ നൽകിയ ഏതെങ്കിലും കേസ്സിൽ ഈ സർക്കാർ വന്നതിന് ശേഷം വീണ്ടും കൈവശരേഖ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>1977-ന് മുമ്പ് കുടിയേറിയവർക്ക് പട്ടയം നൽകുന്നതിന് നടപടികൾ</u>

994 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1977-ന് മുമ്പ് കുടിയേറിയവർക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇതിന്റെ മുന്നോടിയായി സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സർവ്വേ എന്ന് പൂർത്തിയാക്കാനാകും എന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പട്ടയങ്ങൾ കൈമാറ്റം ചെയ്യുവാനുള്ള നടപടി</u>

995 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനഭൂമി കൈവശമുള്ളവർക്ക് നൽകുന്ന പട്ടയങ്ങൾ കൈമാറ്റം ചെയ്യുവാനുള്ള നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വനഭൂമിയല്ലാത്ത സർക്കാർ ഭൂമി കൈവശമുള്ളവർക്ക് നൽകുന്ന പട്ടയം കൈമാറ്റം ചെയ്യുന്നതിന് നിലവിലുള്ള നിയമം വിശദീകരിക്കാമോ;

(സി) പട്ടയം കൈമാറ്റം ചെയ്യുന്നതിനുള്ള കർശന നിയമം കാരണം അവകാശികൾക്ക് പോലും വിഹിതം നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

പത്തനംതിട്ട ജില്ലയിൽ മലയോര പട്ടയം നൽകൽ

996 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് പത്തനംതിട്ട ജില്ലയിലെ പമ്പാവാലിയിൽ എത്ര പേർക്ക് മലയോര പട്ടയം നൽകി; ഇതിൽ എന്തൊക്കെ ഉപാധികളാണ് വച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇങ്ങനെ ഉപാധികളോടെ പട്ടയം നൽകാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(സി) 25 വർഷത്തേയ്ക്ക് ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ എന്നു മുതൽ നൽകിയിട്ടുള്ള പട്ടയങ്ങളിൽ ആണ് രേഖപ്പെടുത്തി തുടങ്ങിയത്; ഈ വ്യവസ്ഥ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പമ്പാവാലിയിൽ നൽകിയിട്ടുള്ള പട്ടയങ്ങളിലെ ഉപാധികളിൽ മാറ്റം വരുത്തി, കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പട്ടയവും കൈവശ രേഖയും നൽകൽ</u>

997 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് ഏതെല്ലാം ജില്ലകളിൽ പട്ടയവും കൈവശ രേഖയും നൽകി ;

(ബി) എത്ര ഏക്കർ അന്യാധീനപ്പെട്ട ഭൂമി സർക്കാർ ഏറ്റെടുത്തുവെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പട്ടയവിതരണത്തിൽ നേരിടുന്ന കാലതാമസം</u>

998 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിലെ വിവിധ വില്ലേജുകളിൽ നിന്നും പട്ടയത്തിന് വേണ്ടിയുളള എത്ര അപേക്ഷകൾ റവന്യൂ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്;

(ബി) വില്ലേജ് തിരിച്ച് അവയുടെ വിശദാംശങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) പ്രസ്തുത അപേക്ഷകർക്ക് എന്നേക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>മലയോര കർഷകർക്ക് പട്ടയം നൽകാൻ നടപടി</u>

999

ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. കെ. ജയചന്ദ്രൻ
,, ബി. ഡി. ദേവസ്സി
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകാൻ മുൻ സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ് ഈ സർക്കാർ പുതുക്കാതിരുന്നിട്ടുണ്ടോ;

(ബി) 1977 ജനുവരി ഒന്നിനു മുൻപ് വനഭൂമിയിൽ കുടിയേറിയത് സാധൂകരിക്കേണ്ടതില്ലെന്ന് ഈ സർക്കാരിന് അഭിപ്രായമുണ്ടോ; എങ്കിൽ ഓർഡിനൻസ് പുതുക്കാതിരുന്നത് എന്തുകൊണ്ടാണ്;

(സി) ഓർഡിനൻസ് പുതുക്കാതിരുന്നതുമൂലം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയുടെ സാധുത ആശങ്കയിലായിട്ടുണ്ടോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പട്ടയവിതരണത്തിലെ അപാകത</u>

1000 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോട്ടയം ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 100ഓളം കുടുംബങ്ങൾക്ക് നൽകിയ പട്ടയങ്ങളിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടയം ലഭിച്ചെങ്കിലും, രേഖയിലെ സ്ഥലം ലഭിക്കാത്തതുമൂലം പ്രസ്തുത കുടുംബങ്ങൾക്ക് യാതൊരുവിധ സർക്കാർ ആനുകൂല്യവും ലഭ്യമാകാത്തതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) പട്ടയരേഖ പ്രകാരം കുടുംബങ്ങൾക്ക് നൽകിയ ഭൂമി സ്വകാര്യ വ്യക്തികൾ കൈയ്യേറിയിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിപ്പിച്ച് പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ പട്ടയ വിതരണം</u>

1001 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കുടിയേറ്റ കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നാളിതുവരെ തൃശ്ശൂർ ജില്ലയിൽ എതൊക്കെ താലൂക്കുകളിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) തൃശ്ശൂർ ജില്ലയിലെ പട്ടയ വിതരണത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത് ഏതൊക്കെ പ്രദേശങ്ങളെയാണ്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സര്‍വ്വേ ഊര്‍ജ്ജിതപ്പെടുത്തുവാന്‍ നടപടി</u>

1002 ശ്രീ.മാത്യു ടി. തോമസ്
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ.സി. കെ. നാണു
,, ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍വ്വേ നടപടികളിലുണ്ടാകുന്ന കാലതാമസത്തെപ്പറ്റിയുള്ള ആക്ഷേപങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) സര്‍വ്വേ വകുപ്പില്‍ കൂടുതല്‍ തസ്തികകള്‍ സൃഷ്ടിച്ച് നിയമനം നടത്തി സര്‍വ്വേ ഊര്‍ജ്ജിതപ്പെടുത്തുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>അങ്കമാലി സർവ്വെ ഓഫീസിന്റെ പ്രവർത്തനം</u>

1003

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി സർവ്വെ ഓഫീസിലെ പോക്കുവരവ്, സ്കെച്ച് പാസ്ക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയലുകളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ;

(സി) സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അമ്പലപ്പുഴയിൽ മിനിസിവിൽസ്റ്റേഷൻ</u>

1004 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴയിൽ മിനിസിവിൽസ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) അമ്പലപ്പുഴ മിനിസിവിൽസ്റ്റേഷനുവേണ്ടി പൊതുമരാമത്ത് കെട്ടിടനിർമ്മാണ വിഭാഗം പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>നാദാപുരം വികസന പദ്ധതി</u>

1005 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ അരീക്കരകുന്നിലുള്ള മിച്ചഭൂമി ബി.എസ്.എഫ് കേന്ദ്രത്തിനും നാദാപുരം വികസന പദ്ധതിക്കുമായി നൽകാൻ മുൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി യഥാർത്ഥ കൈവശക്കാർക്കും നാദാപുരം വികസന പദ്ധതിക്കും നൽകുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(സി) എങ്കിൽ തടസം നീക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ആദിവാസി മേഖലയിലെ ഭൂമി ഏറ്റെടുക്കൽ</u>

1006 ശ്രീ. സി. ദിവാകരൻ
,, കെ. അജിത്
,, ഇ. ചന്ദ്രശേഖരൻ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റാടി കമ്പനിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ; എവിടെയെല്ലാം എന്ന് അറിയിക്കുമോ;

(ബി) അട്ടപ്പാടിയിൽ ആദിവാസി മേഖലയിലെ ഭൂമി ഇതിനായി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ ഇതിനായി ഒരു പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് ഇതിനായി ഏതെങ്കിലും തരത്തിലുള്ള പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ആദിവാസികൾക്ക് വരുമാനത്തിന്റെ അഞ്ചുശതമാനം കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ചെങ്ങറ, മൂലമ്പിള്ളി പാക്കേജുകൾ</u>

1007 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി. ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങറ, മുലമ്പിള്ളി എന്നീ പാക്കേജുകളുടെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ഇവ നടപ്പാക്കിയപ്പോൾ ഉണ്ടായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ചെങ്ങറ സമരം ഒത്തുതീർപ്പാക്കുന്നതിന് മുൻ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; ആ വ്യവസ്ഥകളിൽ കൂടുതലായി എന്തെങ്കിലും ഇപ്പോഴത്തെ പാക്കേജിലുണ്ടോ, എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ഭൂമി കൈയ്യേറ്റം</u>

1008 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൂന്നാർ-വാഗമൺ മേഖലകളിൽ കൈയ്യേറ്റ ഭൂമി ഒഴിപ്പിക്കൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് ഒഴിപ്പിച്ച് ഏറ്റെടുത്തത് എന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത മേഖലയിൽ സർക്കാർ ഭൂമി കൈയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) കൈയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിനും സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനും മുൻ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) മൂന്നാർ-വാഗമൺ മേഖലകളിൽ കൈയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സ്ഥലം ഏറ്റെടുക്കുമ്പോള്‍ നഷ്ടപരിഹാരം നല്‍കുന്ന പുതിയ നയം</u>

1009 ശ്രീ. വി. റ്റി. ബല്‍റാം
,, പാലോട് രവി
,, പി. എ. മാധവന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ സ്ഥലം ഏറ്റെടുക്കുമ്പോള്‍ ഭൂഉടമകള്‍ക്ക് നഷ്ടപരിഹാരം നല്‍കുന്നത് സംബന്ധിച്ച് പുതിയ നയം അംഗീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നയത്തിലെ പുതിയ നിര്‍ദ്ദേശങ്ങള്‍ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) ഇപ്പോള്‍ പാര്‍ലമെന്റില്‍ അവതരിപ്പിക്കുന്ന സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച പുതിയ ബില്ലുമായി പൊരുത്തപ്പെടുന്ന ഭേദഗതികളാണോ സംസ്ഥാന സര്‍ക്കാര്‍ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതിയിൽപ്പെട്ടവർക്കുള്ള ധനസഹായം</u>

1010 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തെ കാലവർഷക്കെടുതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാലവർഷക്കെടുതിയിൽ എത്ര പേർ മരണമടഞ്ഞു എന്ന് വ്യക്തമാക്കുമോ; മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ;

(സി) വീടുകൾ നഷ്ടപ്പെട്ടവർക്കും, കൃഷി നാശം സംഭവിച്ചവർക്കും ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ധനസഹായം നൽകുന്നതിന് വരുന്ന കാലതാമസം ഒഴിവാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ഫയൽ തീർപ്പാക്കൽ പദ്ധതി</u>

1011 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഫയൽ തീർപ്പാക്കൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ തീർപ്പാകാതെ എത്ര ഫയലുകൾ ഉണ്ടായിരുന്നു;

(സി) എത്ര ഫയലുകൾ ഇതിനകം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ;

(ഡി) ഫയലുകളിൽ തീരുമാനമെടുക്കുന്നതിനായി ജനസമ്പർക്ക പരിപാടി തുടങ്ങാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ഖരമാലിന്യ സംസ്കരണം</u>

1012 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരവൂർ നഗരസഭയിലെ പൂക്കുളം, കല്ലുംകുന്ന് എന്നീ സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ള സുനാമി പുനരധിവാസ ഫ്ളാറ്റുകളിൽ എത്ര കുടുംബങ്ങളെയാണ് താമസിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) നിലവിൽ എത്ര കുടുംബങ്ങൾക്ക് താമസിക്കുന്നതിനുള്ള അനുമതിപത്രം നൽകിയിട്ടുണ്ട്; ശേഷിക്കുന്നവർക്ക് എന്നത്തേക്ക് അനുമതിപത്രം നൽകുവാൻ കഴിയും;

(സി) പ്രസ്തുത ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്ക് ഖരമാലിന്യങ്ങൾ സംസ്കരിക്കുവാനോ മറവ് ചെയ്യുവാനോ സൗകര്യങ്ങളില്ലായെന്ന വിഷയം സംബന്ധിച്ച് നിവേദനം ലഭിച്ചിരുന്നുവോ;

(ഡി) എങ്കിൽ ഖരമാലിന്യം സംസ്കരിക്കുന്നതിന് ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുവാൻ സന്നദ്ധമാകുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ഭാരതപ്പുഴയിൽ നിന്ന് മണലെടുക്കുന്നതിനുള്ള നടപടികൾ

1013 ശ്രീ.എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിൽ നിന്ന് മണലെടുക്കുന്നതിന് പാലക്കാട് ജില്ലയിലെ അതിർത്തി പുഴയുടെ തീരങ്ങളിൽ ഏതെല്ലാമാണ് അംഗീകൃത കടവുകൾ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കടവുകൾക്ക് അംഗീകാരം നൽകിയത് എന്നു മുതൽ ആണെന്ന് വ്യക്തമാക്കുമോ ;

(സി) കടവുകൾ മാറ്റി നിശ്ചയിക്കേണ്ട സമയ പരിധി എത്രയാണെന്ന് അറിയിക്കുമോ ; നാളിതുവരെ കടവുകൾ മാറ്റി നൽകിയില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ ;

(ഡി) അംഗീകാരമില്ലാത്ത കടവുകളിൽ നിന്നും അനധികൃതമായി മണലെടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിയ്ക്കുന്നതെന്ന് വിശദമാക്കാമോ ;

(ഇ) നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ അപര്യാപ്തമാണ് എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഭാരതപ്പുഴയിൽ നിന്നും അനധികൃതമായി മണലെടുപ്പ് തടയുന്നതിനായി പ്രത്യേക പോലീസ് സേനയെ നിയോഗിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ജി) പ്രത്യേക പോലീസ് സേനയെ നിയോഗിക്കുന്നതിനായി ഏതെങ്കിലും ഉത്തരവിറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എച്ച്) പ്രത്യേക പോലീസ് സേനയെ നിയോഗിക്കുന്നതുമായി ബന്ധപ്പെട്ടും ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനുമായി നിലവിൽ എന്തെങ്കിലും നിയമമുണ്ടോ ; എങ്കിൽ അതിനായി നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത നിയമ നിർമ്മാണത്തിന്റെ കാലിക

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

സ്ഥിതി വ്യക്തമാക്കാമോ ?

(ഐ) പ്രത്യേക സേനയെ പരിപാലിക്കുന്നതിനായി ആർ.എം.എഫ്.ഫണ്ട് ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ജെ) ഒറ്റപ്പാലം നഗരസഭാ പരിധിയിൽ കടവുകൾ പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ : പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്കക്കെടുതിയിൽ തകർന്നുപോയ റോഡുകളുടെ നവീകരണം</u>

1014 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കക്കെടുതികളിൽപ്പെട്ട് തകർന്നു പോയ റോഡുകൾ പുനരുദ്ധരിക്കുന്നതിന് പ്രളയ ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ച് എത്ര റോഡുകൾ പുനരുദ്ധരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം റോഡുകൾ നവീകരിക്കുന്നതിന് ഓരോ മണ്ഡലത്തിലും എത്ര ലക്ഷം രൂപ വീതം അനുവദിച്ചു എന്ന് വിശദമാക്കാമോ; ഇനിയും ഈ സാമ്പത്തിക വർഷം ഓരോ മണ്ഡലത്തിലേയ്ക്ക് എത്ര ലക്ഷം രൂപയുടെ ജോലികൾക്കു കൂടി ഫണ്ട് നൽകും എന്ന് വ്യക്തമാക്കാമോ?

(സി) പ്രളയക്കെടുതി നിവാരണ ഫണ്ട് വിനിയോഗിച്ച് പുനരുദ്ധാരണ ജോലികൾക്ക് ഫണ്ട് അനുവദിച്ച കേസുകളിൽ ഉത്തരവിറങ്ങി എത്ര കാലത്തിനുള്ളിൽ റോഡ് പണികൾ തീർക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ഡി) 2011 ലെ ഉത്തരവിലൂടെ റോഡ് പുനരുദ്ധാരണ ജോലികൾക്ക് ഫണ്ട് അനുവദിച്ച് ഉത്തരവായ കേസുകളിൽ ജോലി ആരംഭിച്ചിട്ടില്ല എന്ന കാരണത്താൽ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ; ഇത് പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ഫ്ളഡ് റിലീഫ് വർക്കുകൾ അനുവദിക്കുന്നതിന് നടപടി</u>

1015 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ളഡ് റിലീഫ് വർക്കുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ;

(ബി) 2011-12 വർഷത്തിൽ ആറ്റിങ്ങൽ മണ്ഡലത്തിൽ അംഗീകാരം നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഫ്ളഡ് റിലീഫ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എം. എൽ. എ. മാർ ആവശ്യപ്പെട്ടാൽപോലും പ്രസ്തുത ഉദ്യോഗസ്ഥർ അത്യാവശ്യ വിവരങ്ങൾ നൽകാറില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മുൻ വർഷങ്ങളിൽ സർക്കാർ അനുമതി നൽകിയ പ്രവർത്തികളിൽ നിർമ്മാണം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനം ഉണ്ടോ;

(എഫ്) ജില്ലാ കളക്ടർമാർ ഇക്കാര്യത്തിൽ വേണ്ടത്ര താൽപ്പര്യമെടുക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പ്രസ്തുത വർക്കുകൾ കൃത്യസമയത്ത് തുടങ്ങാനും വർക്ക് ഏറ്റെടുത്ത് ചെയ്യുന്നവർക്ക് തുക നൽകാനും ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു പ്രത്യേക സംവിധാനം കളക്ടറേറ്റിൽ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ഡിസാസ്റ്റർമാനേജ്മെന്റ് മുഖേന അനുവദിച്ച</u>
<u>നടപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി</u>

1016 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് മുഖേന അനുവദിച്ച ജില്ലയിലെ 2 നടപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ;

(ബി) 6 മാസത്തിനകം നിർമ്മാണം പൂർത്തികരിക്കണമെന്ന കരാർ വ്യവസ്ഥയുണ്ടായിട്ടും 6 മാസത്തിനുള്ളിൽ ഒരു നിർമ്മാണവും നടത്താത്തിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ്

1017 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ റിവർ മാനേജ്മെന്റിൽ ഉൾപ്പെടുത്തി എത്ര പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവർത്തികളിൽ എത്ര എണ്ണം ടെൻഡർ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(സി) ടെൻഡർ ചെയ്തിട്ടും ഏറ്റെടുക്കാത്ത പ്രവർത്തികൾ എത്രയെന്ന് വ്യക്തമാക്കുമോ; ഇങ്ങനെ പ്രവർത്തികൾ മുടങ്ങിക്കിടക്കാനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതിയിൽ നഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായം</u>

1018 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ ഈ പ്രാവശ്യം കാസർഗോഡ് ജില്ലയിൽ എത്ര രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ;

(ബി) നഷ്ടം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

1019 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനം വന്നതിനുശേഷം ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനപ്രതിനിധികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിവേദനങ്ങൾ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചടയമംഗലത്തെ സമഗ്രവികസനത്തിന് ഉതകുന്ന മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

100 ദിന കര്‍മ്മപരിപാടി

1020

ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ പ്രഖ്യാപിച്ച 100 ദിന കര്‍മ്മപരിപാടിയുടെ ഭാഗമായി എത്ര കൈയ്യേറ്റഭൂമികള്‍ ഒഴിപ്പിക്കാന്‍ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(ബി) 2011 മെയ് മുതല്‍ സെപ്റ്റംബര്‍ 20 വരെ എത്ര മിച്ചഭൂമി കണ്ടെത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികള്‍ പൂര്‍ത്തിയാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) എത്ര കൈയ്യേറ്റഭൂമി ഏറ്റെടുക്കാനായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>വെസ്റ്റ് എളേരി പ്രദേശത്തെ കർഷകർക്ക് പട്ടയം</u>

1021 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഏവ്വിപൊയിൽ പ്രദേശത്തെ കർഷകർക്ക് പട്ടയം നൽകാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ഇ-ഡിസ്ട്രിക്ട് പദ്ധതി</u>

1022 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനത്തെ എത്ര ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്;

(സി) ഇത് സംസ്ഥാനത്ത് ആകെ വ്യാപിപ്പിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് പ്രാരംഭം കുറിച്ചത് എന്നാണ്?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അട്ടപ്പാടി മേഖലയിലെ റവന്യൂ റീസർവ്വേ</u>

1023 ശ്രീ. എ. കെ. ബാലൻ
,, എം. ഹംസ
,, കെ. രാധാകൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ റവന്യൂ വകുപ്പ് ഇപ്പോൾ റീസർവ്വേ നടത്തുന്നുണ്ടോ;

(ബി) എങ്കിൽ എത്ര വില്ലേജുകളിൽ റീസർവ്വേ നടപടി പൂർത്തീകരിച്ചു;

(സി) എത്ര വില്ലേജുകളിൽ പൂർത്തീകരിക്കാൻ ബാക്കിയുണ്ട്;

(ഡി) അട്ടപ്പാടി മേഖലയിൽ സുസ്ലോൺ കമ്പനി എത്ര ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങിയിട്ടുണ്ട്; ഇതിൽ എത്ര ഏക്കർ ഭൂമിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന റീസർവ്വേയുടെ ഭാഗമായി ആദിവാസികളുടേതായി കരുതപ്പെടുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

റീ സർവ്വേ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ നടപടി

1024 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീ-സർവ്വേ പ്രവർത്തനം പൂർത്തിയാവാത്ത എത്ര താലൂക്കുകൾ സംസ്ഥാനത്തുണ്ട്; അവ ഏതെല്ലാം ; .

(ബി) പെരിന്തൽമണ്ണ താലൂക്കിന്റെ റീ-സർവ്വേ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ?

ഭൂമിയുടെ വില നിശ്ചയിക്കുന്നതിന് നിയമനിർമ്മാണം

1025 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായം, റോഡ് വികസനം തുടങ്ങിയുള്ള ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമസ്ഥർക്ക് നിലവിൽ എന്ത് മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഭൂമിയുടെ വില നൽകുന്നത്;

(ബി) ഭൂമിയുടെ കമ്പോള വിലയെക്കാൾ കുറഞ്ഞ വിലയാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം എന്ന നിലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

(ഡി) ഭൂമി ഏറ്റെടുത്ത ശേഷം നിശ്ചിത കാലയളവിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചില്ലായെങ്കിൽ ഭൂമി തിരികെ ഭൂവുടമയ്ക്ക് ലഭ്യമാകും വിധം നിയമനിർമ്മാണം നടത്തുവാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സമഗ്ര പുനരധിവാസ പാക്കേജ്</u>

1026 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സമഗ്രമായ പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പുനരധിവാസ പാക്കേജിന്റെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഓരോ വികസന പ്രോജക്ടുകളുടേയും പ്രത്യേകതകൾക്കനുസരിച്ച് സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തി സാമൂഹികവും പാരിസ്ഥിതികവുമായ ആഘാതങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

## പുതിയ ഭൂനയം

1027 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുതുതായി ഒരു ഭൂനയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തെ ഭൂപരിഷ്ക്കരണ നിയമത്തിൽ കാതലായ മാറ്റങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇടത്തരം, ചെറുകിട നാമമാത്ര ഭൂഉടമകളെ ഏത് തരത്തിൽ ഇത് ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നത് സംബന്ധിച്ച നടപടി

1028 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നെൽവയൽ നിയമത്തിലെ വ്യവസ്ഥപ്രകാരം ഓരോ വില്ലേജിലും കൃഷി ഭൂമി സംബന്ധിച്ച ഡേറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഡേറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റ് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ;

(സി) തയ്യാറാക്കിയ ഡേറ്റാ ബാങ്കിൽ നിരവധി തെറ്റുകൾ ഉണ്ടെന്നുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

ഏറ്റെടുത്ത ഭൂമിയുടെ പോസ്റ്റ് അവാർഡ് നടപടിക്രമങ്ങൾ

1029 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാണാസുര സാഗർ, കാരാപ്പുഴ പദ്ധതികൾക്കായി സ്ഥലം ഏറ്റെടുത്തതിന്റെ പോസ്റ്റ് അവാർഡ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കർഷകരുടെ ഭൂമിയുടെ സബ്ഡിവിഷൻ സംബന്ധിച്ചുള്ള പുതിയ വിവരങ്ങൾ വില്ലേജുകളിലുള്ള ബേസിക് ടാക്സ് രജിസ്റ്ററിൽ ചേർക്കാത്തതുമൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി

1030 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ അലിമുക്കിൽ എത്ര കുടുംബങ്ങൾക്കാണ് പട്ടയം ലഭിക്കാനുള്ളത്;

(ബി) ഇവർക്കു പട്ടയം നൽകുന്നതു സംബന്ധിച്ച് ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പത്തനംതിട്ട കളക്ട്രേറ്റിൽ നിന്നും എല്ലാ നടപടികളും പൂർത്തിയാക്കി സമർപ്പിച്ചിരുന്ന ഫയൽ ഇപ്പോൾ ലാന്റ് റവന്യൂ കമ്മീഷണർക്ക് അയച്ചതിനുള്ള കാരണമെന്തെന്നാണ് ഇതു സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയിട്ടുള്ളത്; ഇതിനു മറുപടി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ;

(ഡി) യഥാസമയം മറുപടി നൽകാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെ; ഇവർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഇ) ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും അടിയന്തിരമായി ഫയൽ ലഭ്യമാക്കി, പട്ടയം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പൊതുനിരത്തു കൈയ്യേറി നിർമ്മിച്ച ആരാധനാലയങ്ങൾ</u>

1031 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തു കൈയ്യേറി നിർമ്മിച്ച ആരാധനാലയങ്ങൾ പൊളിച്ചു മാറ്റുന്നതിൽ വീഴ്ച വരുത്തിയതായുള്ള ബഹു. സുപ്രീം കോടതിയുടെ വിമർശനം ഗൗരവമായി കാണുന്നുണ്ടോ;

(ബി) പൊതു നിരത്തുകൾ കൈയ്യേറി സ്ഥാപിച്ചിട്ടുള്ള ആരാധനാലയങ്ങളുടെ പേര് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) കോടതി നിർദ്ദേശം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പൊതുസ്ഥലങ്ങൾ കൈയ്യേറി നിർമ്മിച്ച ആരാധനാലയങ്ങൾ</u>

1032 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു സ്ഥലങ്ങൾ കൈയ്യേറി ആരാധനാലയങ്ങൾ നിർമ്മിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇപ്രകാരം നിർമ്മിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇത്തരം പ്രവണത തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കല്ലായിപുഴയുടെ തീരങ്ങൾ സ്വകാര്യ വ്യക്തികൾ കയ്യേറിയ സംഭവം</u>

1033 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കല്ലായി പുഴയുടെ തീരങ്ങളിൽ സ്വകാര്യ വ്യക്തികൾ കയ്യേറിയ സർക്കാർ ഉടമസ്ഥതയിലുള്ള എത്ര സ്ഥലങ്ങൾ സർക്കാർ തിരികെ ഏറ്റെടുത്തിട്ടുണ്ടെന്ന് സർവ്വേ നമ്പർ, സ്ഥലത്തിന്റെ അളവ് എന്നിവ സഹിതം വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികൾ മണ്ണിട്ടു നികത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണെന്നും മണ്ണിട്ടു നികത്തിയ വ്യക്തികൾക്കെതിരായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ആദിവാസി ഭൂമി കൈയ്യേറ്റം</u>

1034 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ കോട്ടത്തറ വില്ലേജ് സർവ്വേ 1275, 1273 നമ്പറുകളിലുള്ള ആദിവാസികളുടെ ഭൂമിയിൽ നിന്നും സൂസ്ലോൺ ഇൻഫ്രാസ്ട്രക്ച്ചറിന്റെ ഉടമസ്ഥനായ സാർജന്റ് റിയാലിറ്റി രജിസ്റ്റർ ചെയ്ത ആധാരങ്ങൾ പ്രകാരം കൈവശപ്പെടുത്തിയ ഭൂമിയുടെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) ആദിവാസി ഭൂമി നിയമവിരുദ്ധമായി കൈവശപ്പെടുത്തിയതിനെ സംബന്ധിച്ച് 24.7.10 ന് ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 28.7.2010ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമായിരുന്നു ; അതിന്മേൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ആദിവാസിഭൂമി കൈവശപ്പെടുത്തിയവർക്കെതിരെ 1989 ലെ ഷെഡ്യൂൾഡ്കാസ്റ്റ് ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീവ് ആക്ട് ഉം 1995 ലെ ചട്ടങ്ങളിലെയും സെക്ഷൻ 3(2) സബ്സെക്ഷൻ 4,5 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ആദിവാസി ഭൂമി - ഏറ്റെടുക്കൽ</u>

1035 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ബാണാസുര സാഗർ പദ്ധതിക്ക് വേണ്ടി ആദിവാസികളുടെ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഭൂമിയാണെന്നും അതിന്റെ ഉടമകളായ ആദിവാസികൾ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ആദിവാസികളിൽ ആർക്കൊക്കെ നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടെന്നും നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം വന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(ഡി) നഷ്ടപരിഹാരതുക ഉടനെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>ഇടുക്കിയിലെ കയ്യേറ്റങ്ങൾ</u>

1036 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച് ആലോചിക്കുന്നതിന് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും ഉദ്യോഗസ്ഥന്മാരുടെയും സംയുക്ത യോഗം സർക്കാർ വിളിച്ചുചേർക്കുകയുണ്ടായോ;

(ബി) പ്രസ്തുത യോഗതീരുമാനങ്ങളടങ്ങിയ മിനിട്സ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ഭൂമി കൈയ്യേറ്റവും ഉദ്യോഗസ്ഥ ബന്ധവും</u>

1037 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ
,, രാജു എബ്രഹാം
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈയ്യേറ്റക്കാരും ചില ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ബന്ധം സംബന്ധിച്ച് എന്തെങ്കിലും അറിവുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വകുപ്പിലെ തന്നെ ഉദ്യോഗസ്ഥരിൽ നിന്ന് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സംഭവങ്ങൾ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>കയ്യേറിയ സർക്കാർ ഭൂമി</u>

1038 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വകാര്യ വ്യക്തികൾ കയ്യേറിയ സർക്കാർ ഭൂമി തിരിച്ചുപിടിച്ച് സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ പിടിച്ചെടുത്ത ഭൂമി വീണ്ടും കയ്യേറിയതായിട്ടുള്ള സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>താലൂക്ക് രൂപീകരണം</u>

1039 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകള്‍ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ ഏറ്റവും ജനവാസ ജില്ലയായ മലപ്പുറം ജില്ലയില്‍ എത്ര താലൂക്കുകള്‍ രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നല്‍കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

റോഡുകളുടെ പുനരുദ്ധാരണപ്പണികൾ നിർവ്വഹിക്കുന്നതിന് നടപടി

1040 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം മൂലം തകർന്നു കിടക്കുന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണപ്പണികൾ നിർവ്വഹിക്കുന്നതിന് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിനത്തിൽ ഗണ്യമായ വിഹിതം സംസ്ഥാനത്തിനു ലഭ്യമാക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ;

(ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകളുടേയും മറ്റും പുനരുദ്ധാരണ പണികൾ അടിയന്തിരമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ തുക ചടയമംഗലം നിയോജകമണ്ഡലത്തിലേയ്ക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ</u>

1041 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' എം. പി. വിൻസെന്റ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ബി) ഏറ്റെടുക്കൽ നടപടികൾ തുടങ്ങുന്നതിന് മുൻപ് ഉന്നതാധികാര സമിതിയുടെ പരിശോധന പൂർത്തിയാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ നിശ്ചിത ശതമാനം കെട്ടിവച്ചതിന് ശേഷമേ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയുള്ളു എന്ന വ്യവസ്ഥ നടപ്പാക്കുമോ;

(ഡി) വീടുകൾ നഷ്ടപ്പെടുന്നവർക്ക് നിശ്ചിത സമയത്തേക്ക് വീട്ടുവാടക നൽകാൻ തയാറാകുമോ;

(ഇ) സ്ഥലം നൽകുന്നവർക്ക് ലഭിക്കുന്ന പണം പദ്ധതിയിൽ തന്നെ ഓഹരിയായി മാറ്റാൻ അവസരമുണ്ടോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സർക്കാർ പട്ടയഭൂമിയിലെ കൈയ്യേറ്റം</u>

1042 ശ്രീ. ബെന്നി ബെഹനാൻ
'' കെ. ശിവദാസൻ നായർ
'' എം.എ. വാഹീദ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പട്ടയഭൂമി കൈക്കലാക്കാൻ ശ്രമം നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ഭൂമി കൈക്കലാക്കുന്നതു തടയാൻ സമഗ്രമായ നയത്തിന് രൂപം നൽകുമോ;

(ഡി) ഭൂമി നഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നയത്തിൽ പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുവാൻ നടപടി എടുക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ</u>

1043 ശ്രീ.മോൻസ് ജോസഫ്
,, ടി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്താൻ ശ്രമിക്കുമോ ;

(ബി) കൂടുതൽ റവന്യൂ ഉദ്യോഗസ്ഥരെ നിയമിക്കുമോ ;

(സി) ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് തർക്കങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസും ജില്ലാ കളക്ടറേറ്റുകളുമായി ബന്ധപ്പെട്ട് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമിയുടെ നിയമ വ്യവസ്ഥ</u>

1044 ശ്രീ. പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, സി. മമ്മൂട്ടി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടവ്യവസ്ഥയിലും, പതിച്ചും സ്വകാര്യവ്യക്തികൾക്കും സംഘടനകൾക്കും നല്കുന്നതു സംബന്ധിച്ച നിയമ വ്യവസ്ഥകളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഭൂമിയുടെ ട്രസ്റ്റി എന്ന നിലയിലെ സർക്കാരിന് പ്രവർത്തിക്കാനാവൂ എന്നും, പൊതുമുതൽ ആയതിനാൽ അതിന്റെ അവകാശകൈമാറ്റം സംഘടനകളുടെ പേരിൽ നടത്തുന്നത് നിയമവിരുദ്ധമാണെന്ന് സുപ്രീം കോടതി ഉത്തരവായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പാട്ട വ്യവസ്ഥയിലോ, പട്ടയ വ്യവസ്ഥയിലോ രാഷ്ട്രീയ, സാമൂഹ്യ, മത സംഘടനയ്ക്കും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഭൂമി കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഭൂമി പാട്ടത്തിന് നല്കിയിട്ടുളളതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ സൂക്ഷിപ്പ് ഏത് തലത്തിലെ ഉദ്യോഗസ്ഥരിലാണ് നിക്ഷിപ്തമായിക്കിയിട്ടുള്ളത്; അവയുടെ പരിശോധനാ ഉദ്യോഗസ്ഥർ ആരാണ്;

(ഇ) പാട്ടക്കുടിശ്ശിക എത്രത്തോളമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ഭൂമിയുടെ ന്യായവില സംബന്ധിച്ച വിജ്ഞാപനം</u>

1045 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വസ്തുക്കളുടെ ന്യായവില റവന്യൂ വകുപ്പ് തീരുമാനിച്ചു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിലാണോ ഇപ്പോൾ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നത്;

(സി) തെറ്റായ ന്യായ വിലയെ സംബന്ധിച്ച് പരാതി കിട്ടിയതിൻമേൽ തീർപ്പ് കൽപിക്കാൻ നിലവിൽ എന്തു സംവിധാനമാണുള്ളത്?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>പുനരധിവസിപ്പിച്ച ആദിവാസി കുടുംബങ്ങൾക്ക് നഷ്ടപരിഹാരം</u>

1046 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാണാസുര സാഗർ ജലവൈദ്യുത പദ്ധതിയോടനുബന്ധിച്ച് തരിയോട് വില്ലേജിൽ നിന്നും എത്ര ആദിവാസി കുടുംബങ്ങൾ മാറി താമസിക്കേണ്ടിവന്നുവെന്ന് വിശദമാക്കാമോ ;

(ബി) ഒറ്റപ്പെട്ട പ്രദേശത്ത് നിന്ന് മാറി താമസിക്കേണ്ടിവന്ന ആദിവാസി കുടുംബങ്ങളുടെ എത്ര ഏക്കർ സ്ഥലമാണ് ലാന്റ് അക്വിസിഷൻ നടപടികൾ പ്രകാരം ഏറ്റെടുത്തതെന്ന് വിശദമാക്കുമോ ; പ്രസ്തുത സ്ഥലം ഏറ്റെടുത്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ബാണാസുര സാഗർ പദ്ധതി പ്രദേശത്ത് നിന്ന് മാറി താമസിക്കേണ്ടിവന്ന ആദിവാസി കുടുംബങ്ങൾക്ക് നഷ്ടപരിഹാരമോ പകരം ഭൂമിയോ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സുസ്‌ലോൺ കമ്പനി ആദിവാസികളുടെ ഭൂമി കയ്യേറിയതിനെതിരെ നടപടി</u>

1047 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൂസ്‌ലോൺ കമ്പനി ആട്ടപ്പാടി ആദിവാസികളുടെ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ;

(ബി) കയ്യേറിയ ഭൂമി നിയമപരമായി നിലനിൽക്കുന്നതാണോ;

(സി) ഇത്തരത്തിലുള്ള കയ്യേറ്റം ആദിവാസി ഭൂമി സംരക്ഷണവും പരിധി നിശ്ചയിക്കലും നിയമവും ഭൂപരിഷ്കരണ നിയമവും ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ചുള്ള പാലക്കാട് ജില്ലാ കളക്ടറുടേയും ചീഫ് സെക്രട്ടറിയുടേയും റിപ്പോർട്ടുകൾ മേശപ്പുറത്തു വയ്ക്കുമോ;

(ഇ) ആദിവാസികളുടെ ഭൂമി നിലവിലുള്ള കേന്ദ്ര - സംസ്ഥാന നിയമങ്ങൾ പ്രകാരം മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്യുന്നതിനോ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനോ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ആദിവാസി പ്രശ്നം</u>

1048 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി പ്രശ്നം സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ ശുപാർശ സർക്കാരിന് ലഭിച്ചത് എന്നാണ്; അതിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായോ;

(സി) റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ചുകൊണ്ടുള്ള മന്ത്രിസഭാ തീരുമാനം എന്തായിരുന്നു;

(ഡി) അതേതുടർന്ന് റവന്യു വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ഇ) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഇപ്പോൾ റവന്യു വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ആദിവാസികളുടെ മറവിൽ ഭൂമി തട്ടിപ്പ്</u>

1049 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പെരുഞ്ചാംകുട്ടിയിൽ ആദിവാസികളുടെ മറവിൽ ഭൂമി തട്ടിയെടുക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതേക്കുറിച്ച് മൂന്നാർ ഡി.എഫ്.ഒ യിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയുണ്ടായോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

അട്ടപ്പാടിയിലെ ആദിവാസി ഭൂമി പ്രശ്നം

1050 ശ്രീ.കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി ഭൂമി പ്രശ്നം സംബന്ധിച്ച് മുൻഗവൺമെന്റിന്റെ കാലത്ത് അന്നത്തെ പ്രതിപക്ഷം ഉന്നയിച്ച ആക്ഷേപങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇപ്പോൾ ഉന്നതതല യോഗത്തെ തുടർന്നുള്ള ഗവൺമെന്റ് തീരുമാനങ്ങൾ എന്തെല്ലാമാണ്; യോഗതീരുമാനത്തിന്റെ മിനിറ്റ്സ് മേശപ്പുറത്ത് വയ്ക്കാമോ;

(സി) കാറ്റാടി കമ്പനി അട്ടപ്പാടിയിൽ വാങ്ങിയ മൊത്തം ഭൂമി എത്രയാണ്; സർവ്വേ റിപ്പോർട്ടിനെ തുടർന്ന് ഭൂമി മുഴുവനും ആദിവാസികളുടേതാണെന്ന് കണ്ടെത്തുകയുണ്ടായോ; എങ്കിൽ മൊത്തം ഭൂമിയിൽ ആദിവാസികളുടെ ഭൂമി എത്ര; എത്ര കാറ്റാടി യന്ത്രങ്ങൾ പ്രസ്തുത ഭൂമിയിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്;

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് നിയോഗിക്കപ്പെട്ട ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതികളുടെ ശുപാർശകളിന്മേൽ, മന്ത്രിസഭ എടുത്ത തീരുമാനങ്ങൾ എന്തെല്ലാം ആയിരുന്നു; പ്രസ്തുത തീരുമാനങ്ങളുടെയടിസ്ഥാനത്തിലുള്ള തുടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി സംബന്ധിച്ച നടപടി</u>

1051 ശ്രീ. സി. മമ്മൂട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എൻ. എ. ഖാദർ
,, എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസികളുടെ അ്ന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്തു നല്കുന്നതു സംബന്ധിച്ച നടപടികളുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ;

(ബി) ആദിവാസികളുടെ ഭൂമി അവരുടെ ഉപജീവനത്തിന് പരമാവധി ഉപയോഗപ്പെടുത്തണമെന്ന ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ ആശയങ്ങളാണ് സർക്കാർ പരിഗണനയിലുളളത്;

(സി) ഇവരുടെ ഭൂമി തട്ടിയെടുക്കാൻ കൂട്ടുനിന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(ഡി) അട്ടപ്പാടിയിലെ ആദിവാസികൾക്ക് ഭൂമിയിൽ പട്ടയം നല്കുന്നതിനും ഭൂമി അളന്നുതിരിച്ച് അടയാളപ്പെടുത്തുന്നതിനുമുളള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ഇ) കൃഷിക്ക് ഉപയുക്തമല്ലാത്തതും, അതേസമയം കാറ്റാടിയന്ത്രം സ്ഥാപിക്കാൻ ഉപയുക്തമായതുമായ ഭൂമി ആ വിധത്തിൽ ഉപയോഗപ്പെടുത്തി, അതിന്റെ ഗുണഫലം അവർക്ക് ലഭ്യമാക്കുന്നതിനുളള പാക്കേജ് ഏത് സ്ഥിതിയിലാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇക്കാര്യത്തിൽ ആദിവാസികൾക്ക് സ്ഥിരമായി വരുമാനം ലഭിക്കത്തക്കതും കുറ്റമറ്റതുമായ മാർഗ്ഗം സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റങ്ങൾ</u>

1052 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ ;

(ബി) എത്ര ഏക്കർ ഭൂമി കൈയ്യേറ്റക്കാരിൽ നിന്നു ഒഴിപ്പിക്കാൻ കഴിഞ്ഞു ;

(സി) ഇത് സംബന്ധമായ എന്തെങ്കിലും നയത്തിന് രൂപം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സപ്ലൈകോ എം. ഡി.യെ പ്രോസിക്യൂട്ട് ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി</u>

1053 ശ്രീ. പി. കെ. ഗുരുദാസൻ
,, ജി. സുധാകരൻ
,, ജെയിംസ് മാത്യു
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമൊലിൻ കേസ്സിൽ അന്നത്തെ സപ്ലൈകോ എം. ഡി. ആയിരുന്ന ശ്രീ. ജിജിതോംസനെ പ്രോസിക്യൂട്ട് ചെയ്യാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണോ; ഇതിനായി വിജിലൻസ് ഡയറക്ടർ സർക്കാരിലേയ്ക്ക് കത്തയച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനോട് അനുമതി ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ;

(സി) മുൻ സർക്കാർ അയച്ച കത്ത് പിൻവലിക്കുന്നതിന് ഇപ്പോഴത്തെ സർക്കാർ എന്തെങ്കിലും നടപടി ഫയലിൽ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഫയലിലെ നിർദ്ദേശം എന്തായിരുന്നു; ആരുടേതായിരുന്നു;

(ഡി) മുഖ്യമന്ത്രിയുടെ പരിഗണനയ്ക്കായി, ഈ ആവശ്യം ഉന്നയിച്ച് ഫയൽ സമർപ്പിക്കപ്പെട്ടത് എപ്പോഴായിരുന്നു; ഇതിൽ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ഉത്തരവുണ്ടായിരുന്നുവോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>സ്വീഡ് ലോൺ കാറ്റാടി കമ്പനിയുടെ കൈവശമുള്ള ഭൂമി</u>

1054 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പ്രവർത്തിക്കുന്ന സ്വീഡ് ലോൺ എന്ന കാറ്റാടി കമ്പനിയുടെ കൈവശം ഇപ്പോൾ എത്ര ഏക്കർ ഭൂമിയുണ്ട്;

(ബി) ഇതിൽ ആദിവാസികളുടേതായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഭൂമി എത്ര ഏക്കർ ആണ്;

(സി) ഇതു തിരിച്ചുപിടിച്ച് ആദിവാസികൾക്കുകൊടുക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>അനധികൃതമായി മരം മുറിക്കൽ തടയുന്നതിന് നടപടി</u>

1055 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജില്ലയിലെ ചിരപുരാതനവും ജൈവ വൈവിധ്യ പ്രദേശവുമായ കമ്മാടം കാവിൽ കയ്യേറ്റവും അനധികൃത മരംമുറിക്കലും തടയുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

<u>ആദിവാസി മേഖലയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള വിന്റുമില്ലുകൾ</u>

1056 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ സുസ്‌ലോൺ കമ്പനി എത്ര വിന്റ് മില്ലുകൾ സ്ഥാപിച്ചതായി റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ എത്ര വിന്റ് മില്ലുകളാണ് ആദിവാസി ഭൂമിയിൽ ഉള്ളതായി, റവന്യൂ വകുപ്പിന്റെ റീസർവ്വേയിൽ കണ്ടെത്തപ്പെട്ടിട്ടുള്ളത്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>പാമോയിൽ കേസ്സിൽ തുടർ അന്വേഷണം</u>

1057 ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, ജെയിംസ് മാത്യു
,, സാജു പോൾ
,, എ.പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമൊയിൽ കേസിൽ കൂടുതൽ തെളിവുകൾ ലഭിച്ചതിനാൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ വിജിലൻസ് പ്രത്യേക കോടതിയിൽ തുടർ അന്വേഷണത്തിന് അനുവാദം ചോദിക്കുകയുണ്ടായോ ;

(ബി) എങ്കിൽ തുടരന്വേഷണത്തിന്റെ ഭാഗമായി എന്തെല്ലാം സംഗതികൾ അന്വേഷിക്കുകയുണ്ടായി ; പവർ ആന്റ് എനർജി കോർപ്പറേഷനിൽ നിന്ന് പാമോയിൽ വാങ്ങാൻ സ്റ്റോർ പർച്ചേസ് നിയമം പാലിക്കുകയുണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം വിജിലൻസ് അന്വേഷിക്കുകയുണ്ടായോ ;

(സി) പാമോയിൽ വാങ്ങാൻ തീരുമാനം എടുത്തതിന്റെ പിന്നിൽ ക്രമക്കേട് നടന്നിട്ടുണ്ടോ എന്ന കാര്യവും, തീരുമാനത്തിന്റെ പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടോ എന്ന കാര്യവും വിജിലൻസ് അന്വേഷിക്കുകയുണ്ടായോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) 2005 ജനുവരി 19 ന് അന്നത്തെ മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ പാമോയിൽ കേസിൽ തനിക്ക് എല്ലാം അറിയാമായിരുന്നുവെന്ന് ചൂണ്ടിക്കാണിച്ചിട്ടുള്ളത് വിജിലൻസ് അന്വേഷിക്കുകയുണ്ടായോ ;

(ഇ) പാമൊയിൽ ഇറക്കുമതിയെക്കുറിച്ച് അന്നത്തെ ധനകാര്യമന്ത്രിയുമായി ചർച്ച നടത്തിയിരുന്നുവെന്ന അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സ്റ്റേറ്റ്മെന്റ് വിജിലൻസ് അന്വേഷണ വിധേയമാക്കുകയുണ്ടായൊ ;

(എഫ്) 2011 മെയ് 13 ന് വിജിലൻസ് കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ മേല്പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് നടത്തിയ തുടരന്വേഷണത്തിൽ തെളിഞ്ഞ സംഗതികളെക്കുറിച്ച് പരാമർശിക്കുകയുണ്ടായോ ;

(ജി) പാമോയിൽ ഇറക്കുമതി ചെയ്യാനുള്ള തീരുമാനം എടുത്തത് അന്നത്തെ ധനകാര്യമന്ത്രിയുടെ അറിവോടെയായിരുന്നുവോ ; ഇത് സംബന്ധിച്ച അന്നത്തെ ധനകാര്യമന്ത്രിയുടെ മൊഴി എന്തായിരുന്നു ;

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

(എച്ച്) മുൻധനകാര്യമന്ത്രിയുടെ ഈ ഇടപാടിലെ പങ്കിനെപ്പറ്റിയുള്ള അന്വേഷണം പൂർത്തിയായോ ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

പാമോലിൻ അഴിമതി കേസ് തുടരന്വേഷണം സംബന്ധിച്ച്

1058 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമോലിൻ അഴിമതി കേസ് തുടരന്വേഷണത്തെ തുടർന്ന് സ്പെഷ്യൽ പ്രോസിക്യൂട്ടറുടെ അഭിപ്രായം ആരായുകയുണ്ടായോ;

(ബി) അഭിപ്രായം ആരാഞ്ഞുകൊണ്ട് എന്തെല്ലാം രേഖകളാണ് വിജിലൻസ് വകുപ്പ് സ്പെഷ്യൽ പ്രോസിക്യൂട്ടർക്ക് നല്കുകയുണ്ടായത്;

(സി) സ്പെഷ്യൽ പ്രോസിക്യൂട്ടറുടെ അഭിപ്രായം നല്കുകയുണ്ടായോ; എങ്കിൽ അതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) പ്രസ്തുത നിയമോപദേശം വിജിലൻസ് വകുപ്പ് അവഗണിക്കുകയുണ്ടായോ; എങ്കിൽ കാരണം എന്ത്; ഏത് ഘട്ടത്തിലാണ് അവഗണിച്ചത്; ആദ്യഘട്ടത്തിൽ നിയമോപദേശം ഡയറക്ടറുടെ യാതൊരു നിർദ്ദേശവും കൂടാതെ കേസ് ഡയറിയുടെ ഭാഗമാക്കിയിയിട്ടുണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

പുഴ മുറിച്ചുള്ള യാത്രയ്ക്ക് പരിഹാരം

1059 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിണറായി, പെരളശ്ശേരി പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് ചേരിക്കൽ എന്ന പ്രദേശത്ത് തൂക്ക്പാലം /നടപ്പാലം നിർമ്മിച്ച് സ്കൂൾ കുട്ടികളുടെ അപകടകരമായ പുഴമുറിച്ചുള്ള യാത്രക്ക് പരിഹാരം കാണാൻ റവന്യുവകുപ്പ് തയ്യാറാക്കിയ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 29.09.2011-ലെ മറുപടിക്ക്

പാമൊലിൻ കേസ്സ് അമ്പേഷണം

1060 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം. ഹംസ
'' പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമൊലിൻ കേസ്സ് അന്വേഷണം നീതിപൂർവ്വമായും നിർഭയമായും നടത്തുന്നതിനുള്ള തടസ്സങ്ങൾ വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തടസ്സങ്ങൾ പരിഹരിക്കുന്നതിന് തയ്യാറാകുമോ;

(ബി) ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്ന കാലത്ത് ഈ കേസ് പിൻവലിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്തിലുണ്ടായിരുന്ന മുൻ സർക്കാർ ഈ കേസ്സ് പിൻവലിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ കാരണം എന്തായിരുന്നു:

(സി) തടുരന്വേഷണത്തിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് കോടതിയിൽ വിജിലൻസ് വകുപ്പ് സമീപിക്കാനിടയായ സാഹചര്യം എന്തായിരുന്നു;

(ഡി) പ്രസ്തുത കേസിന്റെ എല്ലാ നടപടികളും സുപ്രീം കോടതി സ്റ്റേ ചെയ്തത് എന്നായിരുന്നു; സ്റ്റേ നീങ്ങിയത് എപ്പോഴാ
യിരുന്നു;

(ഇ) കേസ്സിന്റെ തുടരന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ഏറ്റെടുത്ത വിജിലന്‍സ് കേസ്സുകള്‍</u>

1061 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യു വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം, ഏതെല്ലാം വിഷയങ്ങളില്‍ വിജിലന്‍സ് അന്വേഷണം നടത്താന്‍ തീരുമാനം എടുത്തിട്ടുണ്ട്;

(ബി) ഇവയില്‍ വിജിലന്‍സ് വകുപ്പ് പ്രാഥമിക അന്വേഷണം നടത്തി സര്‍ക്കാരിന് റിപ്പോര്‍ട്ട് സമര്‍പ്പിച്ച കേസുകള്‍ ഏതെല്ലാമാണ്;

(സി) വിജിലന്‍സ് വകുപ്പ് അന്വേഷിച്ച ഏതെല്ലാം കേസുകളില്‍ ഇപ്പോള്‍ തുടര്‍ അന്വേഷണം നടത്താന്‍ തീരുമാനിച്ചിട്ടുണ്ട്; ഓരോ കേസിലും തുടര്‍ അന്വേഷണത്തിന് ആദ്യമായി ശുപാര്‍ശ ചെയ്തത് ആരാണ്?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>വിജിലന്‍സ് അന്വേഷണം</u>

1062 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ പുനഃസംഘടിപ്പിച്ച ബോര്‍ഡുകളുടെയും കോര്‍പ്പറേഷനുകളുടെയും ചെയര്‍മാന്‍/ഡയറക്ടര്‍മാരില്‍ ഇപ്പോഴും വിജിലന്‍സ് അന്വേഷണം നേരിടുന്നവര്‍ ആരെങ്കിലും ഉണ്ടോ ;

(ബി) എങ്കില്‍ ആരൊക്കെയാണെന്നും വിജിലന്‍സ് അന്വേഷണം ഏതെല്ലാം കേസുകളിലാണെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 29.09.2011-ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണ വിധേയമായ ഉദ്യോഗസ്ഥന്റെ കേസ്</u>

1063 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസിന്റെ അന്വേഷണത്തിലുള്ള 11653/ബി1/2010/വിജിലൻസ് നമ്പർ ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്;

(ബി) ആരോപണവിധേയനായ ഉദ്യോഗസ്ഥന് അന്വേഷണം പൂർത്തിയാവാത്തിനാൽ മുഴുവൻ ശമ്പളവും നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥൻ ക്രമക്കേട് നടത്തിയതായി ശ്രദധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയ സംഖ്യ തിരിച്ചടപ്പിച്ച് ഇതുവരെയുളള മുഴുവൻ ആനുകൂല്യങ്ങളും നൽകി കേസ് അവസാനിപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ?